ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 03.01.2025**

## പ്രധാനവാർത്തകൾ

1) മാനസികാരോഗ്യ മേഖലയെ സമൂഹം വളരെയേറെ തെറ്റിദ്ധാരണകളോടെയാണ് നോക്കിക്കാണുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

2) പെരിയ ഇരട്ട കൊലപാതക കേസിൽ പത്ത് പ്രതികൾക്ക് ഇരട്ട ജീവപര്യന്തം ശിക്ഷ വിധിച്ച് സിബിഐ കോടതി. മുൻ എംഎൽഎ K V കുഞ്ഞിരാമൻ ഉൾപ്പെടെ 4 പേർക്ക് അഞ്ച് വർഷം തടവ്.

3) യെമനിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട നിമിഷ പ്രിയയ്ക്ക് സാധ്യമായ എല്ലാ സഹായങ്ങളും നൽകിവരുന്നതായി വിദേശകാര്യ മന്ത്രാലയം.

4) 63 -ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് തിരുവനന്തപുരത്ത് നാളെ തിരി തെളിയും. കലാമാമാങ്കത്തിൽ മാറ്റുരയ്ക്കാൻ യുവപ്രതിഭകൾ തലസ്ഥാനഗരിയിലെത്തി.

PNU TVPM

5) കലോത്സവത്തിൻറെ സ്വർണ കപ്പ് പ്രയാണത്തിന് അനന്തപുരിയിൽ ഊഷ്മള വരവേൽപ്.

6) ബോർഡർ ഗാവസ്കർ ട്രോഫി അഞ്ചാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് മോശം തുടക്കം. ഐഎസ്എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഇന്ന് മൊഹമ്മദൻ എസ് സിയെ നേരിടും

************************

## രാഷ്ട്രപതി

മാനസികാരോഗ്യ മേഖലയെ സമൂഹം വളരെയേറെ തെറ്റിദ്ധാരണകളോടെയാണ് നോക്കിക്കാണുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ബംഗളുരുവിൽ നിംഹാൻസ് സുവർണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. മാനസിക വെല്ലുവിളി നേരിടുന്ന രോഗികൾക്ക് ഗുണനിലവാരമുള്ള പരിചരണം ഉറപ്പുവരുത്തുന്നതിൽ ഉൾപ്പെടെ നിംഹാൻസ് നടത്തിവരുന്ന പ്രവർത്തനങ്ങളെ രാഷ്ട്രപതി അഭിനന്ദിച്ചു. സുവർണ ജൂബിലി ആഘോഷത്തിൻ്റെ ഭാഗമായി നിർമിച്ച സൈക്യാട്രി സ്പെഷ്യാലിറ്റി ബ്ലോക്ക്, സെൻട്രൽ ലബോറട്ടറി കാമ്പസ്, ഹോസ്റ്റൽ എന്നിവയും രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.

RIU TVPM

************************

## പെരിയ ഇരട്ട കൊലപാതക കേസ്

പെരിയ ഇരട്ട കൊലപാതക കേസിൽ പത്ത് പ്രതികൾക്ക് ഇരട്ട ജീവപര്യന്തം ശിക്ഷ വിധിച്ച് എറണാകുളം സിബിഐ പ്രത്യേക കോടതി. കുറ്റ കൃത്യത്തിൽ നേരിട്ട് പങ്കെടുത്ത ഒന്നു മുതൽ 8 വരെ പ്രതികൾക്കും, ഗൂഢാലോചനയിൽ പങ്കെടുത്ത രണ്ട് പ്രതികൾക്കുമാണ് കോടതി ജീവപര്യന്തം വിധിച്ചത്. രണ്ട് കേസുകളിലുമായി രണ്ട് ലക്ഷം രൂപ പിഴയും നൽകണം. മുൻ

എംഎൽഎ K V കുഞ്ഞിരാമൻ ഉൾപ്പെടെ 4 സി.പി.ഐ.എം പ്രവർത്തകർക്ക് അഞ്ചുവർഷം തടവും കോടതി ശിക്ഷ വിധിച്ചു. കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനെയും, ശരത്ലാലിനെയും 2019 ഫെബ്രുവരി 17 ന് വെട്ടിക്കൊലപ്പെടുത്തിയ കേസിലാണ് കോടതി വിധി.

************************

## പെരിയ ഇരട്ടക്കൊല,കെ.സുധാകരൻ

പെരിയ ഇരട്ട കൊലപാതക കേസിലെ കോടതി വിധിയിൽ പൂർണ്ണ തൃപ്തനല്ലെന്നും, കുറ്റകൃത്യം ആസൂത്രണം ചെയ്തവരുടെ അടക്കം പങ്ക് തെളിയിക്കും വരെ കോൺഗ്രസ് നിയമപോരാട്ടം തുടരുമെന്നും കെപിസിസി അധ്യക്ഷൻ കെ.സുധാകരൻ എംപി. കോടതി വിധി സിപിഎമ്മിനേറ്റ കനത്ത പ്രഹരമാണെന്നും കുടുംബവുമായി കൂടിയാലോചിച്ച് അപ്പീൽ നടപടികളുമായി മുന്നോട്ട് പോവുമെന്നും പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പ്രതികരിച്ചു.

കേസിൽ സിപിഎം ഗൂഢാലോചന നടത്തിയെന്ന് വരുത്താനാണ് സിബിഐ ആദ്യം മുതൽ ശ്രമിച്ചതെന്നും വിധിക്കെതിരെ മേൽക്കോടതിയെ സമീപിക്കുമെന്നും സിപിഐഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ പറഞ്ഞു. സി.ബി.ഐ അന്വേഷിച്ചത് കൊണ്ട് മാത്രമാണ് കുറ്റക്കാർ ശിക്ഷിക്കപ്പെട്ടതെന്നും, കേസ് അട്ടിമറിക്കാനാണ് ലോക്കൽ പോലീസ് ശ്രമിച്ചതെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ പ്രതികരിച്ചു.

RNJ TVPM

************************

## നിമിഷപ്രിയ എംഇഎ (ഇൻട്രോ)

യെമനിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട മലയാളി നഴ്സ് നിമിഷ പ്രിയയ്ക്ക് കേന്ദ്രസർക്കാർ സാധ്യമായ എല്ലാ സഹായങ്ങളും നൽകിവരുന്നതായി വിദേശകാര്യവക്താവ് രൺധീർ ജെയ്സ്വാൾ. സ്ഥിതിഗതികൾ ഇന്ത്യ സസൂക്ഷ്മം നിരീക്ഷിച്ച് വരികയാണെന്നും

അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.
(ഹോൾഡ്)

************************

## കലോത്സവം

63 -ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിനായി ഒരുങ്ങി തലസ്ഥാനനഗരി. കലാമാമാങ്കത്തിൽ മാറ്റുരയ്ക്കുന്നതിനായി എല്ലാ ജില്ലകളിൽ നിന്നുമുള്ള യുവപ്രതിഭകൾ തിരുവനന്തപുരത്തേക്ക് എത്തിത്തുടങ്ങി. സെൻട്രൽ സ്റ്റേഡിയത്തിൽ നാളെ രാവിലെ 10 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ കലോത്സവം ഉദ്ഘാടനം ചെയ്യും. കലാമണ്ഡലത്തിലെയും പൊതുവിദ്യാലയങ്ങളിലെയും വിദ്യാർത്ഥികൾ ചേർന്ന് അവതരിപ്പിക്കുന്ന സ്വാഗത ഗാനത്തിൻറെ നൃത്താവിഷ്കാരവും, വയനാട് വെള്ളാർമല സ്കൂളിലെ വിദ്യാർത്ഥികളുടെ സംഘനൃത്തവും ഉദ്ഘാടന ചടങ്ങിൻറെ ഭാഗമായി അരങ്ങേറും. ഈ മാസം 8 വരെ നീളുന്ന കലോത്സവത്തിൽ 25 വേദികളിലായി 249 ഇനങ്ങളിൽ 15,000 ത്തോളം കൗമാരക്കാർ മാറ്റുരയ്ക്കും. കലോത്സവ രജിസ്ട്രേഷന്റെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി ഇന്ന് രാവിലെ നിർവഹിച്ചു. വിധി നിർണ്ണയവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തർക്കം പരിഹരിക്കാൻ സംസ്ഥാന തല അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഹരിത പ്രോട്ടോകോൾ പാലിച്ചായിരിക്കും കലോത്സവം സംഘടിപ്പിക്കുന്നത്.

************************

## കലോത്സവം (വോയ്സ്)

സ്കൂൾ കലോത്സവത്തിനോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ നാളെ മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. കലോത്സവത്തിന്റെ ഊട്ടുപുരയും പുത്തരിക്കണ്ടം മൈതാനത്ത് ഒരുങ്ങിക്കഴിഞ്ഞു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

PRIU TVPM

(വോയ്സ്)

***********************

## സ്വർണ്ണകപ്പ്

സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സ്വർണ്ണ കപ്പ് പ്രയാണത്തിന് അനന്തപുരിയിൽ ഊഷ്മള വരവേൽപ്. മന്ത്രിമാരുടെ നേതൃത്വത്തിൽ ഘോഷയാത്രയായി സ്വർണ്ണ കപ്പ് പ്രധാന വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ ഉടൻ എത്തിക്കും. നിയമസഭയ്ക്ക് മുന്നിലും, ജില്ലയിലെ വിവിധ കേന്ദ്രങ്ങളിലും സ്വർണ്ണ കപ്പ് പ്രയാണത്തിന് ആവേശകരമായ സ്വീകരണമാണ് ഇന്ന് ലഭിച്ചത്.

***********************

## ശബരിമല

ശബരിമലയിൽ ഇക്കുറി മണ്ഡല മഹോത്സവ കാലയളവിൽ 32 ലക്ഷം ഭക്തർ ദർശനം നടത്തിയതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ്റ് പി എസ് പ്രശാന്ത്. മുൻവർഷത്തെ അപേക്ഷിച്ച് നാല് ലക്ഷത്തിൻറെ വർദ്ധനയാണിത്. വരുമാനത്തിലും 82 കോടിയുടെ വർദ്ധനയുണ്ടായി. 297 കോടി രൂപയാണ് മണ്ഡല കാലയളവിലെ ആകെ വരുമാനം.

RNU TVPM

***********************

## എരുമേലി പേട്ടതുള്ളൽ (ഇൻട്രോ)

എരുമേലി പേട്ടതുള്ളി ശബരിമല ദർശനത്തിനായി അമ്പലപ്പുഴ സംഘം തിങ്കളാഴ്ച യാത്ര തിരിക്കും. കര പെരിയോൻമാരുടെ കാർമികത്വത്തിൽ ഇരുമുടികെട്ട് നിറച്ച് സ്വാമി ഭക്തർ ഞായറാഴ്ച രാത്രി അമ്പലപ്പുഴ ക്ഷേത്രത്തിൽ എത്തും. വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ.
(വോയ്സ്)

***********************

## ഓപ്പൺ യൂണിവേഴ്സിറ്റി/

കൊല്ലം ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കാൻ ധനാനുമതി നൽകിയതായി മന്ത്രി കെ എൻ ബാലഗോപാൽ. കൊല്ലം താലൂക്കിൽ മുണ്ടയ്ക്കൽ വില്ലേജിൽ 3.292 ഹെക്ടർ ഭൂമി ഏറ്റെടുക്കാനായി 26.02 കോടി രൂപയാണ് അനുവദിച്ചത്.

************************

## കാർട്ടൂണിസ്റ്റ് ജോർജ് കുമ്പനാട്

പ്രശസ്ത കാർട്ടൂണിസ്റ്റ് ജോർജ് കുമ്പനാട് അന്തരിച്ചു. 94 വയസ്സായിരുന്നു. വാർദ്ധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിലിരിക്കേയാണ് അന്ത്യം. ഏറെ ജനശ്രദ്ധയാകർഷിച്ച കാർട്ടൂൺ കഥാപാത്രം ഉപ്പായി മാപ്ലയുടെ സ്രഷ്ടാവാണ് അദ്ദേഹം. കേരള കാർട്ടൂൺ അക്കാദമി വിശിഷ്ടാംഗത്വം നൽകി ആദരിച്ചിരുന്നു.

RNU TVPM

************************

## ആകാശവാണി - നാടകം

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ എഴുപത്തഞ്ചാം വാർഷികത്തോട് അനുബന്ധിച്ച് വിതുര ഗവണ്മെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ നാളെ നാടകസന്ധ്യ സംഘടിപ്പിക്കുന്നു. പരിപാടിയുടെ ഉദ്ഘാടനം ജി. സ്റ്റീഫൻ എംഎൽഎ നിർവഹിക്കും. കാഞ്ഞിരപ്പള്ളി അമല കമ്യൂണിക്കേഷൻസിന്റെ ' ശാന്തം ' എന്ന നാടകം വൈകുന്നരം ആറ് മണിക്ക് അരങ്ങേറും. കുട്ടികൾ അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികളും വൈകുന്നേരം 4.30 മുതൽ നടക്കും.

************************

## ക്രിക്കറ്റ്

ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാം ടെസ്റ്റ് ആദ്യ ഇന്നിങ്സിൽ ഇന്ത്യ 185 റൺസിന് പുറത്ത്. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഓസ്ട്രേലിയ

ആദ്യ ദിനം കളി അവസാനിക്കുമ്പോൾ ഒരു വിക്കറ്റ് നഷ്ടത്തിൽ 9 റൺസ് എന്ന നിലയിലാണ്. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഓസീസ് 2-1 ന് മുന്നിലാണ്.

************************

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഇന്ന് മൊഹമ്മദൻ എസ് സിയെ നേരിടും. രാത്രി 7.30 ന് ഗുവാഹത്തിയിലെ സ്റ്റേഡിയത്തിലാണ് മത്സരം.

************************

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 720 പോയിൻറ് താഴ്ന്ന് 79,223 ലും, നിഫ്റ്റി 184 പോയിൻറ് താഴ്ന്ന് 24,004 ലും ഇന്ന് വ്യാപാരം അവസാനിപ്പിച്ചു.

************************

## മന്ത്രി പി.രാജീവ്

RNU TVPM

പൊതുജനങ്ങളുടെ അപേക്ഷകളിൽ തീർപ്പ് വൈകിപ്പിക്കുന്നത് അഴിമതിയായി കണക്കാക്കണമെന്നു മന്ത്രി പി.രാജീവ്. കരുതലും കൈത്താങ്ങും പറവൂർ താലൂക്ക് അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഫയലുകളിൽ തീർപ്പു കൽപ്പിക്കുകയെന്നാൽ കക്ഷിക്ക് അനുകൂല തീരുമാനമെടുക്കുക എന്നു മാത്രമല്ലെന്നും നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി സാധ്യമായ പരിഹാരം വേഗത്തിൽ ലഭ്യമാക്കണമെന്നും മന്ത്രി പറഞ്ഞു.

************************

****************

*********